**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6056** **17-03-2023 - ൽ മറുപടിയ്ക്ക്**

**വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടിലെ തുക ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ വകുപ്പുകളും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും ബോർഡുകളും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ബാങ്ക് അക്കൗണ്ടുകളിലെ പണം ട്രഷറിയിലേക്ക് മാറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വകുപ്പുകളും സ്ഥാപനങ്ങളും പിൻവലിച്ച തുക അതാത് സാമ്പത്തികവർഷം ചെലവഴിക്കാതെ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രീയമായി സൂക്ഷിച്ചിരിക്കുന്നത് തിരികെ ട്രഷറി അക്കൗണ്ടുകളിലേയ്ക്കോ ബന്ധപ്പെട്ട ശീർഷകങ്ങളിലേയ്ക്കോ ഒടുക്കുന്നതിന് നിർദ്ദേശം നൽകി 20/02/2023 –ലെ സ.ഉ.(അച്ചടി) നം. 16/2023/ധന. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ട്; ഈ തുക തിരികെ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 20/02/2023 –ലെ സ.ഉ.(അച്ചടി) നം. 16/2023/ധന. പ്രകാരം പണം തിരികെ ട്രഷറിയിലേയ്ക്ക് ഒടുക്കുന്നതിന് 20/03/2023 വരെ സമയം അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച്, ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന തുക സ്ഥാപനങ്ങളുടെ ട്രഷറി അക്കൗണ്ടിൽ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ, തുക തിരികെ നൽകുന്ന കാര്യത്തിന് നിലവിൽ പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ